ശ്രീ. ഇ. ജോൺജേക്കബ്: പൗവ്വർഹൗസിൽ ജനറേറ്റർ സ്ഥാപിച്ചു പ്രവർത്തിക്കുകയും പാർഷ്യൽ ആയി സ്റ്റേറ്റാറേജ് ഉണ്ടാക്കുകയുമാണെങ്കിൽ എത്ര കാലതാമസം വരും?

ശ്രീ. സി. അച്യുതമേനോൻ: ബഹുമാനപ്പെട്ട മെംബർ പറയുന്ന രീതിയിലാണു ശ്രമിച്ചുകൊണ്ടിരിക്കുന്നത്?

ശ്രീ. കെ. കരുണാകരൻ: പോലീസ്സഹായം കിട്ടാത്തതുകൊണ്ട് പണി മാസങ്ങളോളം നീണ്ടുപോയി എന്നു പറഞ്ഞു. ഇങ്ങനെ ചോദിച്ച സഹായം കൊടുക്കാതിരുന്നിട്ടുള്ളത് എന്തു കാരണവശാലാണ്? അന്വേഷിച്ചു നടപടിയെടുക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: അന്വേഷിക്കണമെന്നില്ല, എനിക്കു മനസ്സിലാക്കാൻസാധിച്ചിടത്തോളം ഉദ്യോഗസ്ഥൻമാരുടെ കുറ്റംകൊണ്ടുണ്ടായതല്ല, അവർക്കു കിട്ടിയ നിർദ്ദേശങ്ങളാ നിമിത്തമാണ്. ആ നിർദ്ദേശങ്ങളാ മാറ്റിക്കൊടുത്തപ്പോൾ തടസ്സം നീങ്ങുകയും ചെയ്തു.

അണക്കെട്ടുകളുടെ പണി

219. (865) ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ)
,, സി. കെ. ബാലകൃഷ്ണൻ
,, പി. പി. കൃഷ്ണൻ
,, എം. സദാശിവൻ
,, കെ. ഐ. രാജൻ
,, വി. കൃഷ്ണദാസ്
,, എൻ. വാസുദേവൻപിള്ള
,, എ. പി. കുര്യൻ
,, മുസ്തഫാകമാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1970 ജനുവരി 7—ാം തീയതി മുതൽ രണ്ടാഴ്ചക്കാലം, ഇടുക്കി, ചെറുതോണി അണക്കെട്ടുകളുടെ പണി നിർത്തിവയ്ക്കുവാൻ ബന്ധപ്പെട്ട അധികാരികൾ നിർബന്ധിതരായോ;

(ബി) എങ്കിൽ നിർത്തിവെയ്ക്കുവാനുള്ള കാരണമെന്ത്;

(സി) നിർത്തിവച്ച പണി എന്നു മുതൽ പുനരാരംഭിച്ചു;

(ഡി) പണി പുനരാരംഭിക്കുന്നതിനെപ്പറ്റി ചീഫ് എൻജിനീയർ നൽകിയ നിർദ്ദേശങ്ങൾ വിശദമാക്കാമോ;

(ഇ) ചീഫ് എൻജിനീയറുടെ നിർദ്ദേശങ്ങളെ അവഗണിച്ചുകൊണ്ടാണ് പണി പുനരാരംഭിച്ചതെന്ന് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) അക്കാരണത്താൽ ഗവൺമെൻറിന് ഒരു കോടിയോളം രൂപ നഷ്ടം വന്നിട്ടുണ്ടെന്നറിയുന്നതു ശരിയാണോ;

(ജി) സിവിൽ ചീഫ് എൻജിനീയർ ശ്രീ. കെ. വി. കൊച്ചുനിയനെ ഈ പദ്ധതികളുടെ ചുമതലകളിൽനിന്നും ഒഴിവാക്കുകയുണ്ടായോ;

(എച്ച്) പകരം നിയമിതനായ ബോർഡിലെ അഡീഷണൽ ചീഫ് എൻജിനീയർ ശ്രീ. കെ. ശ്യാമറാവു, കമ്പനി ജനറൽ മാനേജർ, നാഗഭൂഷണറാവുവിൻെറ ബന്ധുവാണ് എന്ന ആക്ഷേപം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) 11–1–1970 മുതൽ 21–1–1970 വരെ ചെറുതോണി ഡാമിന്റെയും, 7–1–1970 മുതൽ 30–1–1970 വരെ ഇടുക്കി ആർച്ച് ഡാമിന്റെയും പണി നിറുത്തിവയ്ക്കേണ്ടി വന്നിട്ടുണ്ട്.

(ബി) കാൺട്രാക്ടു വ്യവസ്ഥയനുസരിച്ച് മണൽ സപ്ലൈ ചെയ്യുന്നതിന് കൺട്രാക്ടർക്ക് കഴിയുകയില്ലെന്നുള്ള കാരണത്താൽ പണിനിറുത്തിവയ്ക്കേണ്ടിവന്നു.

(സി) ചെറുതോണി ഡാമിന്റെ പണി 22–1–1970ലും ഇടുക്കി ആർച്ച് ഡാമിന്റെ പണി 31–1–1970ലും പുനഃരാരംഭിച്ചു.

(ഡി) കോൺട്രാക്ടു വ്യവസ്ഥയനുസരിച്ച് സിമന്റും മണലും ഉപയോഗിച്ച് പണി പുനഃരാരംഭിക്കാൻ ചീഫ് ഇൻജിനീയർ നിർദ്ദേശം നൽകി.

(ഇ) ഇത് ശരിയല്ല. ഈ കാലയളവിൽ ഇടുക്കിയിൽ കേന്ദ്ര ജലസേചന വിദ്യുച്ഛക്തി മന്ത്രി ഡോ. കെ. എൽ. റാവു അവിടം സന്ദർശിക്കുകയും പണി പുനഃരാരംഭിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു. ആ നിർദ്ദേശം സിവിൽ ഇൻജിനീയർ സ്വീകരിക്കുകയുണ്ടായി.

(എഫ്) ഇതുസംബന്ധിച്ച് ബോർഡിനോ ഗവൺമെന്റിനോ യാതൊരു നഷ്ടവും വന്നിട്ടില്ല. കൂടുതൽ ചേർക്കേണ്ടി വരുന്ന സിമന്റിന്റെ വില എഗ്രിമെന്റനുസരിച്ച് കൺട്രാക്ടറിൽനിന്നും ഈടാക്കാവുന്നതാണ്.

(ജി) ഇടുക്കി പ്രോജക്ടിനെ സംബന്ധിച്ചുള്ള ജോലി നിർണ്ണായകമായ ഘട്ടത്തിൽ എത്തിയിരുന്നതുകൊണ്ട് ഒരു സീനിയർ ഇൻജിനീയറുടെ മേൽനോട്ടം എപ്പോഴും ഉണ്ടായിരിക്കണമെന്നു അഭിപ്രായപ്പെടുകയും അതനുസരിച്ച് അഡീഷണൽ ചീഫ് ഇൻജിനീയർ (സിവിൽ) അദ്ദേഹത്തിന്റെ മുഴുവൻ ചുമതലയും ഉണ്ടായിരിക്കുണമെന്നു പറയുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ ഹെഡ് കാർട്ടേഴ്സ് തിരുവനന്തപുരത്തുനിന്നും ഇടുക്കിയിലേയ്ക്ക് മാറ്റുകയുണ്ടായി.

(എച്ച്) അഡീഷണൽ ചീഫ് ഇൻജിനീയർ ശ്യാമറാവു ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനി ജനറൽ മാനേജരുടെ ബന്ധുവല്ല. ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനി ജനറൽമാനേജർ നാഗഭൂഷണറാവുവല്ല, ആർ. ജി. ഗാന്ധിയാണ്.

ശ്രീ. ആർ. കൃഷ്ണൻ: (ആലത്തൂർ): ഇടുക്കിയുടെ പണി സാധാരണഗതിയിൽ മുന്നോട്ടുപോകുന്നുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഈ നിലയിൽ പണി മുന്നോട്ടു പോകുകയാണെങ്കിൽ എത്ര കാലം കൊണ്ട് അതിന്റെ പണി പൂർത്തിയാക്കുമെന്നു പറയാമോ?

ശ്രീ. സി. അച്യുതമേനോൻ: പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇതിന്റെ പണി 1972–ൽ പൂർത്തിയാക്കാമെന്നാണ് കരുതുന്നത്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: ഞാൻ നേരത്തെ ചോദിച്ചത് ഇടുക്കി സ്കീമിനെസംബന്ധിച്ചാണ്: അതിൽ കുററിയാടി എന്നു പറഞ്ഞത് തെറ്റാണ്. മണലും സിമന്റും തമ്മിലുള്ള പ്രപ്പോഷൻസിൽ നാൽപ്പത് ശതമാനം വേസ്റേജ് വരുമെന്നു മനസ്സിലാക്കി ആ നാൽപ്പത് ശതമാനം കണക്കാക്കിയാണ് എസ്റ്റിമേറു കൊടുത്തിട്ടുള്ളത്. വർക്ക് ആരംഭിച്ചതിനുശേഷം വേസ്റേജ് കണക്കിലെടുത്തുകൊണ്ട് ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനി കൺട്രാക്ടർ പണിയാരംഭിക്കുകയും, ആ

LIBRARY ARCHIVES Kerala Legislative Assembly

പണിക്കെതിരായി തൊഴിലാളികളും നോട്ടീസ് കൊടുക്കുകയും സമരം പ്രഖ്യാപിക്കുകയും ചെയ്തിരുന്നില്ലേ?

ശ്രീ. സി. അച്യുതമേനോൻ: നോട്ടീസു കൊടുത്തിരുന്നോ എന്നറിഞ്ഞുകൂടാ. കുറെതൊഴിലാളികളും ചേർന്നുകൊണ്ട് ഒരു മെമ്മോറാണ്ടം നൽകുകയുണ്ടായി. അതു വർക്ക് പുന:രാരംഭിച്ചതിനുശേഷമാണ്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: ഏകദേശം പതിനാറോളം തൊഴിലാളി യൂണിയനുകളും ചേർന്നു, ഇടുക്കി ഡാമിന്റെ ഉറപ്പിനും സ്ഥായിയായ നിലനിൽപ്പിനും ഇതു തകരാറുണ്ടാക്കുമെന്നും, 150 കൊല്ലക്കാലം നിലനിൽക്കേണ്ട ഒരു ഡാം എന്നുള്ള നിലയിൽ അത് അതിന്റെ ഡ്യൂറേഷൻ പീരിയഡിനെ ബാധിക്കുമെന്നുള്ളതുകൊണ്ട് ഇത്തരത്തിൽ പണി തുടരാൻ പാടില്ലെന്നും, പണി തുടരുകയാണെങ്കിൽ തൊഴിലാളികളും പിക്കറിംഗും നടത്തുമെന്നും കാണിച്ചുകൊണ്ട് ഗവൺമെന്റിലേക്ക് നോട്ടീസ് നൽകിയിട്ടില്ലേ?

ശ്രീ. സി. അച്യുതമേനോൻ: തൊഴിലാളി യൂണിയനുകളും കൂടി ഒരു മെമ്മോറാണ്ടം നൽകിയിട്ടുണ്ട്. അതിനെപ്പറ്റി ഗവൺമെന്റ് ഗാഢമായി പഠിച്ചുകൊണ്ടിരിക്കുകയാണ്. അതിൽ പറയുന്നതുപോലെ മുഴുവനും ശരിയല്ല. സാൻഡ് മിക്സ് ചെയ്യുന്നതിന് ഉപയോഗിച്ചിരുന്ന ഇലക്ട്രോണിക് യന്ത്രം കേടു വരികയുണ്ടായി. അതുപോലെ അവിടെ ഉപയോഗിച്ചുകൊണ്ടിരുന്ന മണൽ Sub Standard ആണെന്നും ഗുണമുള്ളതല്ലെന്നും കനേഡിയൻ വിദഗ്ദ്ധൻമാർ പറയുകയുണ്ടായി. ആ മണൽ ലാബ്രട്ടറിയിൽ പരീക്ഷണം നടത്തിക്കൊണ്ടിരിക്കുകയുമായിരുന്നു. ആ സമയത്താണ് പണി നിറുത്തിവച്ചത്. ആ അവസരത്തിൽ ഡോ. കെ. എൽ. റാവു അവിടെ വരികയും അദ്ദേഹം നേരിട്ടു നടത്തിയ ടെസ്റ്റിൽനിന്നും പുഴമണൽ ഉപയോഗിക്കണമെന്നും, പുഴമണൽ കിട്ടാൻ തൽക്കാലം പ്രയാസം ഉണ്ടെങ്കിൽ കൂടുതൽ സിമന്റ് ഉപയോഗിച്ച് വർക്ക് നടത്തണമെന്നും അഭിപ്രായപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ ഉപദേശപ്രകാരമാണ് വർക്ക് മുന്നോട്ടു കൊണ്ടുപോയത്. സിമന്റ് കൂടുതൽ ചേർക്കുമ്പോൾ ചെലവു കൂടുതൽ വരും. കൂടുതൽ വരുന്ന ചെലവു കോൺട്രാക്ടു വ്യവസ്ഥപ്രകാരം കൺട്രാക്ടർ തന്നെ വഹിക്കണമെന്നും, അതിന്റെ ഉത്തരവാദിത്വം ബോർഡിനോ ഗവൺമെന്റിനോ ഇല്ലെന്നും പറഞ്ഞിട്ടുണ്ട്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: കൂടുതൽ സിമന്റ് ഉപയോഗിച്ചതുകൊണ്ട് അഡീഷണലായി 93 ലക്ഷം രൂപ ബോർഡ് വഹിക്കേണ്ടതാണെന്ന് ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനി നിർദ്ദേശം വയ്ക്കുകയും കേന്ദ്രമന്ത്രി അതിന് ബോർഡിനോട് ശുപാർശ ചെയ്തിട്ടുള്ളതായും അറിയാമോ?

ശ്രീ. സി. അച്യുതമേനോൻ: അങ്ങനെയൊന്നും ഉണ്ടായിട്ടില്ല. 93 ലക്ഷം എന്നു പറഞ്ഞ സംഖ്യ തന്നെ ശരിയല്ല. സ്ഥിരമായ അനുപാതം അനുസരിച്ചുതന്നെ പണിചെയ്യണമെന്നാണ്. അതിന് മണൽ മിക്സ് ചെയ്യുന്നതിനാവശ്യമായ ഇലക്ട്രോണിക് യന്ത്രം നേരെയാക്കുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ട്. ആ യന്ത്രം ഇവിടെ നന്നാക്കുന്നതിന് സാധിക്കുകയില്ല. അതുകൊണ്ട് പുറത്തുനിന്നും ആളെ വരണം. ആളെ വന്നാലുടനെ അത് കേടുപാടുകളും തീർക്കുകയും പ്രവർത്തിക്കുകയും ചെയ്യാം. 93 ലക്ഷം രൂപ എന്നു പറഞ്ഞതിൽ യാതൊരു അടിസ്ഥാനവുമില്ല. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഡോ. കെ. എൻ. റാവു അങ്ങനെയാരു ശുപാർശയും ബോർഡിൽ വച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. ബാലകൃഷ്ണൻ: സിമൻറും മണലും മിക്സു ചെയ്യുമ്പോൾ ശരിയായ രീതിയിൽ മിക്സ് ചെയ്യാത്തതുകൊണ്ട് പണി ശരിയാകുകയില്ലെന്ന് ആ സ്പോട്ടിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ജൂനിയർ ഇൻജിനീയറും അസിസ്സ്റ്റൻറ് ഇൻജിനീയറും നിർദ്ദേശം വച്ചപ്പോൾ അവരെ സ്ഥലത്തുനിന്നും സ്ഥലം മാറ്റിയതായി അറിയാമോ? ഇങ്ങനെയുള്ള തകരാറുകൾ ഉണ്ടെങ്കിൽ അതു പരിഹരിക്കാനുള്ള നടപടികളെടുക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: അങ്ങനെയൊന്നും ഗവൺമെൻറിനു കിട്ടിയിട്ടില്ല.

ശ്രീ. കെ. ഐ. രാജൻ: ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനി വച്ചിട്ടുള്ള ചില നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതിനു വിമുഖത കാണിച്ച ശ്രീ. കെ. വി. കൊച്ചുനിയനെ ആർച്ച്ഡാമിൻെറ പണിയിൽ നിന്നും മാറ്റി ഇടുക്കിയിൽനിന്നും ട്രാൻസ്ഫർ ചെയ്യാനുള്ള കാരണം എന്താണ്?

ശ്രീ. സി. അച്യുതമേനോൻ: ട്രാൻസ്ഫർ ചെയ്തിട്ടില്ല. ആ സ്പോട്ടിൽത്തന്നെ ഒരു വിദഗ്ദ്ധനായ ഇൻജിനീയർ ആവശ്യമാണെന്നു വന്നതുകൊണ്ട് അഡീഷണൽ ചീഫ് ഇൻജിനീയർ (സിവിൽ) അവിടെതന്നെ പണിയെടുക്കണമെന്നാണു പറഞ്ഞിട്ടുള്ളത്. അല്ലാതെ യാതൊരു മാറ്റവും വരുത്തിയിട്ടില്ല.

ശ്രീ. എ. പി. കുര്യൻ: അവിടെ ഉപയോഗിക്കുന്ന മണൽ സബ്സ്റ്റാൻഡേർഡാണ്, അതുകൊണ്ട് പതിനഞ്ചുശതമാനം സിമൻറ് കൂടി ഉപയോഗിക്കണമെന്നു നിർദ്ദേശംകൊടുത്തതായി പറഞ്ഞു. എഗ്രിമെൻറ് അനുസരിച്ച് അധികംവരുന്ന ചെലവു കമ്പനിതന്നെ വഹിക്കുമെന്നു പറഞ്ഞ കമ്പനി ഈ കാര്യത്തിൽ വല്ല ആക്ഷേപവും ഉന്നയിച്ചിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: ഇല്ല.

ശ്രീ. എ. പി. കുര്യൻ: കമ്പനിതന്നെ ഈ അധികച്ചെലവു വഹിക്കുമെന്ന് ഉറപ്പുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: അതാണ് ബോർഡിൻെറ അഭിപ്രായം.

ശ്രീ. എ. പി. കുര്യൻ: ഈ കാര്യത്തിൽ ഭാവിയിൽ എപ്പോഴെങ്കിലും ഈ 15 ശതമാനത്തിൻെറ അധികച്ചെലവു ബോർഡ് വഹിക്കേണ്ടിവരുമെന്ന് എന്തെങ്കിലും സംശയം ഗവൺമെൻറിനുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: ഇല്ല. ബോർഡിൻെറ അഭിപ്രായമെന്നു പറഞ്ഞാൽ ലീഗായിട്ടു കൺസൾട്ടുചെയ്തതിനുശേഷമുള്ള അഭിപ്രായമാണ്. ഞാൻ അഭിപ്രായം പറയുന്നതിൽ അർത്ഥമില്ല. നിയമവശമാണ് പ്രശ്നം.

ശ്രീ. എ. പി. കുര്യൻ: കമ്പനി ജനറൽ മാനേജരുടെ നിർദ്ദേശം അനുസരിക്കാത്ത കൊച്ചുനിയനെ സ്ഥലംമാറ്റിയെന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇതു ശരിയല്ലേ?

ശ്രീ. സി. അച്യുതമേനോൻ: ശരിയല്ലെന്നു ഞാൻ പറഞ്ഞു.

ശ്രീ. മുസ്തഫാകെമാൽ: കമ്പനി ജനറൽ മാനേജർ നാഗഭൂഷണറാവു ബോർഡിലെ അഡീഷണൽ ചീഫ് എഞ്ചിനീയർ ശ്യാമറാവുവിൻെറ ബന്ധുവാണെന്നറിയുന്നതു ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ആ ചോദ്യം നേരത്തെ ചോദിക്കുകയും ഉത്തരം പറയുകയും ചെയ്തു.

ശ്രീ. എ. പി. കുര്യൻ: ഈ പദ്ധതി 72–ൽ പൂർത്തിയാകുമെന്നു പറഞ്ഞു. ഇവിടെ ഉൽപാദിപ്പിക്കുന്ന വിദ്യുച്ഛക്തി നമ്മുടെ സംസ്ഥാനത്തിന്റെ ആവശ്യംകഴിഞ്ഞു മിച്ചംവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. അങ്ങനെ മിച്ചംവരുന്ന വിദ്യുച്ഛക്തി മറ്റു സംസ്ഥാനങ്ങളിലേയ്ക്കു കൈമാറുന്നതിനെസംബന്ധിച്ച് സംസ്ഥാനഗവൺമെന്റ് എന്തെങ്കിലും കൂടിയാലോചനകളും മറ്റു സംസ്ഥാനങ്ങളുമായോ കേന്ദ്രവുമായോ നടത്തിയിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: ഇപ്പോഴത്തെ നിലയ്ക്ക് നമുക്ക് മുഴുവൻ വിദ്യുച്ഛക്തിയും ഉപയോഗിക്കാൻ സാധ്യമല്ല. കുറച്ചു കൂടുതൽ വരും. ഇപ്പോഴും തന്നെ കൂടുതലുണ്ട്. അതിന് തമിഴ്നാടുഗവൺമെന്റുമായി രണ്ടുകൊല്ലത്തേയ്ക്കുള്ള ഒരു കരാറുണ്ട്. 1972 ആകുമ്പോഴും ആ കരാർ പൂർത്തിയാകും. അതിന്റെ വിശദാംശങ്ങളും എനിക്ക് അറിഞ്ഞുകൂടാ. 1972 ആകുമ്പോഴും ഉല്പാദനം വർദ്ധിക്കും. അതു മുഴുവൻ ഇവിടത്തെ കൃഷിയുടേയും വ്യവസായത്തിന്റെയും ആവശ്യത്തിനുവേണ്ടി ഉപയോഗിക്കാൻ ശ്രമിക്കുകയെന്നുള്ളതാണ് ഉദ്ദേശം. അങ്ങനെ വന്നാൽ പിന്നെ എത്ര അധികം വരുമെന്ന് അറിഞ്ഞുകൂടാ.

ശ്രീ. എം. എം. തോമസ്: ഇടുക്കി പദ്ധതിയുടെ അടിയന്തിര പൂർത്തീകരണത്തിന് 1300 ഓളം കുടുംബങ്ങളെ വൈരമണിയിൽനിന്നും കുടിയൊഴിപ്പിക്കേണ്ടതുണ്ട്. അവരെ അവിടെനിന്നും ഒഴിപ്പിച്ച് മറ്റെവിടെയെങ്കിലും കുടിയിരുത്താൻ സ്ഥലം നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: അതിനെപ്പറ്റി വ്യക്തമായ വിവരം എനിക്കില്ല. മറ്റു ഡിപ്പാർട്ടുമെന്റാണ് അതു കൈകാര്യം ചെയ്യുന്നത്. ആ മന്ത്രിയോട് ചോദിച്ചാൽ ശരിയായ മറുപടി കിട്ടും. എന്തായാലും ആ പ്രശ്നം ഗവൺമെന്റിന്റെ മുമ്പിലുണ്ട്. സത്വരമായ നടപടിക്രമം സ്വീകരിക്കുകയും ചെയ്യും.

ശ്രീ. ഇ. ജോൺജേക്കബ്: ടണലിന്റെ പണി എടുത്തിട്ടുള്ള കൺട്രാക്ടർ അതിന്റെ പണി നിശ്ചിതസമയത്തിനനുസരിച്ച് പണിയുന്നില്ലെന്നു അതു തീരാത്തതുകൊണ്ട് ഇടുക്കി പദ്ധതിക്കു താമസംവരുമെന്നും ഉള്ള റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടെങ്കിൽ അതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: ഉണ്ട്. കൺട്രാക്ടർമാരുമായി കൂടിയാലോചനകളും നടത്തിക്കൊണ്ടിരിക്കുകയാണ്. തൊഴിലാളികളും വച്ചിട്ടുള്ള ചില അവകാശങ്ങളും അംഗീകരിക്കാൻ ആ കൺട്രാക്ടർ തയ്യാറായിരുന്നില്ല. തൊഴിലാളികളും പറയുന്നത് 1965–ൽ ഉണ്ടാക്കിയ ഒരു കരാറാണ് നിലവിലിരിക്കുന്നത്, അന്നുള്ള വേതനനിരക്ക് ഇന്നു കൊടുത്താൽ മതിയാകുകയില്ല, കൂടുതൽ വേണമെന്നാണ്. കൺട്രാക്ടർ പറയുന്നത് അന്നത്തെ നില അനുസരിച്ചാണ് ആർഡർ എടുത്തത്, കൂടുതൽ ചോദിച്ചാൽ കൊടുക്കാൻ പറ്റുകയില്ലാ എന്നാണ്. അങ്ങനെ ഒരു തർക്കമുണ്ടായി. പ്രസ്തുത ടണലിന്റെ കാര്യത്തിൽ മാത്രമല്ല മൂന്നു കൺട്രാക്ടറൻമാരുടെ കാര്യത്തിൽ ഇതുപോലെ തർക്കമുണ്ടായി. ലേബർ കമ്മീഷണർ നിലവാരത്തിലും ലേബർ മിനിസ്റ്റർ നിലവാരത്തിലും കൂടിയാലോചനകളും നടത്തിക്കൊണ്ടിരിക്കു

LIBRARY ARCHIVES Kerala Legislative Assembly

കയാണ്. അതിൽ ഒന്നു തീർന്നു. മറ്റുള്ളതും താമസിയാതെ പരിഹരിക്കുന്നതാണ്.

ശ്രീ. ബി. മാധവൻനായർ: ഇടുക്കി പദ്ധതി പൂർത്തിയായിക്കഴിഞ്ഞാൽ അവിടെ ഉല്പാദിപ്പിക്കുന്ന വിദ്യുച്ഛക്തി മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് കൈമാറുന്നതുസംബന്ധിച്ച് വ്യക്തമായ തീരുമാനങ്ങളൊന്നും ഉണ്ടായിട്ടില്ലെന്നും അവിടെ ഉല്പാദിപ്പിക്കുന്ന വിദ്യുച്ഛക്തി നമ്മുടെ സംസ്ഥാനത്തിൽതന്നെ ഉപയോഗിക്കേണ്ടതാണെന്നും പറഞ്ഞു. ബോർഡിന്റെ ഇപ്പോഴത്തെ തീരുമാനമനുസരിച്ച് ഗ്രാമപ്രദേശങ്ങളിൽ അതിവേഗം എലക്ട്രിസിറ്റി എത്തിക്കുന്നതിന് ആവശ്യമായ ട്രാൻസ്മിഷൻ ലൈനുകളും മറ്റു ഏർപ്പാടുകളും ഉണ്ടാക്കുന്നതിന് ഇതുവരെ നടപടികളും സ്വീകരിച്ചിട്ടില്ലെന്നുള്ളതിനെ പരിഗണിച്ച് ഈ പദ്ധതി 1972-ൽ തന്നെ പൂർത്തിയാക്കുകയാണെങ്കിൽ നമ്മുടെ പരിപാടി നടപ്പിലാകത്തക്കവണ്ണം ട്രാൻസ്മിഷൻ ലൈനിന്റെയും മറ്റു ഏർപ്പാടുകളുടേയും കാര്യത്തിൽ മുൻകൂട്ടി ടെൻഡർ ചെയ്യാൻ ഏർപ്പാടുചെയ്യുമോ?

ശ്രീ. സി. അച്യുതമേനോൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ട്രാൻസ്മിഷന്റെ കാര്യത്തിൽ അപര്യാപ്തതയുണ്ട്. അതുപരിഹരിക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കുന്നുണ്ട്. ഇനിയും ആവശ്യമായ നടപടികളും സ്വീകരിക്കാൻ തയ്യാറുമാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മണ്ണിലെ തരിയുടെ കുഴപ്പംകൊണ്ട് ഈപണി തുടർന്നു നടത്താൻ പാടില്ലെന്ന് സാങ്കേതികവിദഗ്ദ്ധൻമാരടങ്ങിയ റവന്യൂബോർഡ് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ആ കുറവു നികത്താൻ വേണ്ടി 15 ശതമാനം സിമന്റു കൂടുതൽ ചേർക്കണമെന്ന് ഡാക്ടർ കെ. എൽ. റാവു നിർദ്ദേശിച്ചതായി പറഞ്ഞു. എന്നാൽ അവിടെയുള്ള ഉത്തരവാദപ്പെട്ട ചീഫ് എഞ്ചിനീയറെ മാറ്റുകയും കൺസ്ട്രക്ഷൻ കമ്പനിയുടെ വരുതിയിൽനിൽക്കുന്ന എഞ്ചിനീയറെ നിയമിക്കുകയും ചെയ്തു എന്ന് ആക്ഷേപമുണ്ട്. ഇതു ശരിയാണോ? ഈ ആക്ഷേപത്തെ സംബന്ധിച്ച് അന്വേഷിക്കാൻ തയ്യാറാകുമോ. എഞ്ചിനീയറൻമാരുടെ അസോസിയേഷൻ തന്നെ ഈ പണി കാൺട്രാക്ടുകൊടുക്കാതെ നേരിട്ടുനടത്തണമെന്ന് ഒരു നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ. ഈ കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് എന്താണ്?

ശ്രീ. സി. അച്യുതമേനോൻ: ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിൽ അടങ്ങിയിട്ടുള്ള ദുസ്സൂചന ശരിയല്ലെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. സബ്സ്റ്റാന്റേർഡു ആണെന്ന് കണ്ടപ്പോഴാണ് നിറുത്തിവയ്ക്കാൻ ഉപദേശം കിട്ടിയെന്നുള്ളതു ശരിയാണ്. വിദഗ്ദ്ധനായ ശ്രീമാൻ കെ. എൽ. റാവുവിന്റെ നിർദ്ദേശം അപ്പോഴാണ് സ്വീകരിച്ചു. ആ നിർദ്ദേശത്തോടുകൂടി ഇവിടത്തെ എഞ്ചിനീയറൻമാർ പരിപൂർണ്ണമായി യോജിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മുന്നോട്ടുപോവുകയാണ്. ആ അവസരത്തിൽ ഈ വർക്കു നേരിട്ടു നടത്തണമെന്നുള്ള ഒരു നിർദ്ദേശം ഉണ്ടായി. കാൺട്രാക്ടുകൊടുത്ത ഒരു വർക്ക് പിന്നീട് മാറ്റിക്കൊടുക്കുകയെന്നുള്ളത് ശരിയാണെന്ന് തോന്നിയില്ല.

ശ്രീ. എ. വി. ആര്യൻ: നമ്മുടെ സംസ്ഥാനത്ത് പ്രൊജക്ടുകളും കൂടുംതോറും എലക്ട്രിസിറ്റിയുടെ ചാർജ്ജു വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പുറമേ കൊടുക്കുന്ന എലക്ട്രിസിറ്റിയുടെ ചാർജ്ജിനെക്കാൾ കൂടുതലുമാണ് ഇത്. ഇടുക്കി പദ്ധതി പൂർത്തിയാകുമ്പോൾ ഇങ്ങനെയാണെങ്കിൽ ചാർജ്ജു എത്രശതമാനം ഉയരുമെന്ന് കണക്കാക്കിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. അച്യുതമേനോൻ: അതു സംബന്ധിച്ചു കണക്കൊന്നും എന്റെ കൈവശമില്ല. എലക്ട്രിസിറ്റിയുടെ ചാർജ്ജു വർദ്ധിക്കുന്നതിന് പല കാരണങ്ങളുണ്ട്. മുഴുവനും പഠിച്ച് വിശദീകരിക്കണമെന്നു പറഞ്ഞാൽ വിഷമമാണ്. ഏതായിരുന്നാലും മെറ്റീരിയൽസിന്റെയും ലേബർ ചാർജ്ജിന്റെ വർദ്ധനവും ഇതിന് ഒരു കാരണമാണ്. ഇങ്ങനെ പല കാരണങ്ങളുമുണ്ട്. ഏതായിരുന്നാലും ചാർജ്ജ് കൂട്ടണമെന്ന് ഇപ്പോൾ ഗവൺമെന്റിന് ആഗ്രഹമില്ല.

[ശ്രീ. എം. എം. തോമസ്: ഇവിടെ ബഹുമാനപ്പെട്ട മെമ്പറൻമാർ ഉന്നയിച്ച സംശയങ്ങളും അനുസരിച്ച് ഈ പദ്ധതിയുടെ അവസാനഘട്ടത്തിൽ തൊടുപുഴമുതൽ എറണാകുളം വരെയുള്ള സ്ഥലം വെള്ളത്തിൽ മുങ്ങി നശിച്ചുപോകുമെന്ന് കേൾക്കുന്നു. ഇതിനെപ്പറ്റി ഒന്ന് അന്വേഷിക്കാൻ തയ്യാറാകുമോ?

[ശ്രീ. സി. അച്യുതമേനോൻ: അതാണു ഞാൻ പറഞ്ഞത്. കിട്ടിയ പരാതികളെല്ലാം കാര്യമായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

[ശ്രീ. എ. വി. ആര്യൻ: പുറമെകൊടുക്കുന്ന വിദ്യുച്ഛക്തിയുടെ ചാർജ്ജിനെക്കാൾ കൂടുതൽ സ്റ്റേറ്റിൽ വരുന്നുണ്ട്. കൂടുതൽ പദ്ധതികൾ വരുമ്പോഴും അതാണ് സ്ഥിതി. അതുകൊണ്ട് ഇനിയും ഇതു വർദ്ധിക്കാതിരിക്കാനും പുതുതായി കിട്ടുന്ന എലക്ട്രിസിറ്റിയുടെ ചാർജ്ജ് വർദ്ധിക്കാതിരിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

[ശ്രീ. സി. അച്യുതമേനോൻ: ഇതിനെസംബന്ധിച്ച് വ്യക്തമായിട്ടു പറയാൻ ബുദ്ധിമുട്ടുണ്ട്. 25 കൊല്ലംമുമ്പ് പൂർത്തിയാക്കിയ പള്ളിവാസൽ പദ്ധതിയുടെ ഇൻവെസ്റ്റുമെന്റു കുറവാണ്. അന്നത്തെക്കാൾ ഇന്നത്തെ പദ്ധതികൾക്ക് ഇൻവെസ്റ്റുമെന്റു കൂടുതലാണ്. അതുകൊണ്ട് അന്നത്തെ റേറ്റിനേക്കാൾ ഇന്നുകൂടും. കരാർ ഉണ്ടാക്കുന്ന കാലത്തുള്ള റേറ്റുവെച്ചാണ് സംസ്ഥാനത്തിനു വെളിയിൽ കൊടുക്കുന്നത്.

[ശ്രീ. വി. എസ്. അച്യുതാനന്ദൻ: സാധാരണ ഉല്പാദനം വർദ്ധിക്കുമ്പോൾ വില കുറയുകയാണ് പതിവ്. എന്നാൽ കറണ്ടിന്റെ കാര്യത്തിൽ കൂടുതൽ ഉല്പാദിപ്പിക്കുംതോറും വില കൂടുകയാണ്. ഇതു മനസ്സിലാകുന്നില്ല. ഇത് പുതിയ സോഷ്യലിസത്തിന്റെ രോഗമായിട്ടുള്ളതാണോ എന്നറിഞ്ഞാൽ കൊള്ളാം.

[ശ്രീ. സി. അച്യുതമേനോൻ: വളരെ ഗഹനമായിട്ടുള്ള സാമ്പത്തിക പ്രശ്നമാണ്. അതിനെക്കുറിച്ച് എനിക്കൊന്നും പറയാനില്ല.

Written Answers

നിർവാഹക പരിഷ്കരണ കമ്മിറ്റി

* 221. [876] ശ്രീ. എൻ. കണപതി: ഭൂമി കാണും വിഷയങ്ങൾക്കു മുഖ്യമന്ത്രി അവർകൾ ദയവായി പറയുമോ:

(എ) ഒക്ടോബർ 1965-ൽ എം. കെ. വെള്ളോടി തലവനായും കെ. ആർ. കെ. മേനോൻ, പി. എസ്. പദ്മനാഭൻ എന്നിവരെ അംഗങ്ങളായും കൊണ്ടു രൂപീകരിക്കപ്പെട്ട നിർവാഹക പരിഷ്കരണ, പൊതുഭരണ കമ്മിറ്റി തന്റെ റിപ്പോർട്ടിനെ സർക്കാരിന് എന്നു സമർപ്പിച്ചു;